# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3432** | **14.10.2011 ൽ മറുപടിയ്ക്ക്**

## കാട്ടുപന്നികൾ വരുത്തുന്ന കൃഷി നാശത്തിന് പരിഹാരം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെ ക്രമാതീതമായ വംശവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇല്ല.

(ബി) അവ വനാതിർത്തി വില്ലേജുകളിലെ കൃഷിക്കാർക്ക് വ്യാപകമായ തോതിൽ കൃഷി നാശം വരുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) അവയുടെ ആക്രമണത്തിൽ നിന്ന് കൃഷി സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കാട്ടുപന്നികളുടെ ആക്രമണത്തിൽനിന്ന് കൃഷി സംരക്ഷിക്കുന്നതിന്, തുടർച്ചയായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിന് അനുവാദം നൽകാൻ ഉത്തരവായിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരം, നാശനഷ്ടവുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാര തുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നാശനഷ്ടത്തിന്റെ 100 ശതമാനം (പരമാവധി 50000 രൂപ വരെ) നഷ്ടപരിഹാരമായി നൽകി വരുന്നുണ്ട്. ടി തുക നാശനഷ്ടവുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എങ്കിൽ മേൽ മൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുന്ന കാര്യം

(ഇ) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്കു വിധേയമായി വെടിവെച്ചുകൊല്ലുന്നതിനുള്ള അധികാരം റെയിഞ്ചാഫീസർ തലത്തിലേക്ക് നൽകാനായി

| | |
|---|---|
| പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ? | ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ 17.06.2011-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള അധികാരം ഫോറസ്റ്റ് റെയിഞ്ചാഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് 05.08.2011-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനുപുറമെ മറ്റു വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷി സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>1) ആന പ്രതിരോധ കിടങ്ങുകൾ കുഴിക്കുക.<br><br>2) സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമ്മിക്കുക.<br><br>3) ഭിത്തികൾ നിർമ്മിക്കുക.<br><br>4) എലിഫന്റ് സ്കെയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക.<br><br>5) വാച്ചർമാരെ നിയോഗിച്ച് ആനകളെ തിരിച്ച് കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>6) ചില്ലീപൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>7) ആനകളുടെ സഞ്ചാരപഥം പുനഃസ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക.<br><br>8) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുക. |

9) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

10) വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

11)കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ വനമേഖലകൾ ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുണ്ട്. മുഴുവൻ വനമേഖലയിലും സേവനം ലഭ്യമാക്കത്തക്കവണ്ണം ടീമുകളുടെ പ്രവർത്തന മേഖലകൾ നിശ്ചയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**